II ഇ.ബി. XIII- കേരള നിയമസഭ/II-7

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഒക്ടോബർ 04, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**23(*181) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം**

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ പുതിയ വ്യവസായ നയത്തിൽ പ്രഖ്യാപിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. കയർപിരിമേഖല, തൊണ്ട് സംഭരണം എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കയർ ഉല്പന്നങ്ങളുടെ അന്താരാഷ്ട്ര ഫെയറായ 'കയർ കേരള 2012' ന്റെ നടത്തിപ്പിനും കയർ മേഖലയുടെ ആധുനികവൽക്കരണത്തിനും സാമ്പത്തിക സഹായം അനുവദിക്കണമെന്നും ഒരു മോഡൽ കയർഗ്രാമം സ്ഥാപിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2009 മുതൽ നിർത്തലാക്കിയ കൈത്തറി റിബേറ്റ് സ്കീം പുനരാരംഭിക്കണമെന്നും മാർക്കറ്റിംഗ് ഇൻസെന്റീവ് യഥാസമയം

നൽകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കരകൗശല വികസന കോർപ്പറേഷനു കീഴിലുള്ള കൈരളി ഡൽഹി ഷോറൂമിന്റെ നവീകരണത്തിനായി 1 കോടി രൂപയുടെ പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കാപെക്സിന്റെ കീഴിലുള്ള ഫാക്ടറി കളുടെ നവീകരണം, ഓർഗാനിക് ഫാമിംഗ് തുടങ്ങിയവയ്ക്ക് കേന്ദ്രസഹായം ലഭിക്കുന്നതിനായി 31.30 കോടി രൂപയുടെ പ്രോജക്ടും കേന്ദ്രത്തിന് സമർപ്പി ച്ചിട്ടുണ്ട്. കണ്ണൂർ, ബാലരാമപുരം, ചേന്ദമംഗലം തുടങ്ങിയ പരമ്പരാഗത കൈത്തറി സ്ഥാപനങ്ങളുടെ നവീകരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള ശ്രമം തുടരുന്നതാണ്. കൈത്തറി സഹകരണസംഘങ്ങളെ കടബാദ്ധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിനായി കേന്ദ്രഗവൺമെന്റിൽ സമർപ്പിച്ച പ്രത്യേക പാക്കേജ് പ്രകാരം പ്രഖ്യാപി ച്ചിട്ടുള്ള ധനസഹായം നേടിയെടുക്കുന്നതിന് ശ്രമിക്കുന്നതാണ്. പരമ്പരാഗത വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളെ തൊഴിലുറപ്പ് പദ്ധതിയു മായി ഇന്റഗ്രേറ്റ് ചെയ്യുന്നതിന്റെ സാദ്ധ്യതയെക്കുറിച്ച് പരിശോധിക്കുന്നതാണ്. മൺപാത്ര നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിക്കുന്നതാണ്. ബീഡി തൊഴിലാളികൾ മറ്റ് മേഖലകളി ലേയ്ക്ക് മാറാനുള്ള പ്രോത്സാഹനം നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിക്കുന്നതെന്നും അസംസ്കൃത വസ്തുക്കളുടെ അഭാവംമൂലം ഓട്, ഇഷ്ടിക എന്നീ നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കു ന്നതിന് അവിടത്തെ തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്താവുന്നതാ ണെന്നും ബാംബൂ കോർപ്പറേഷന്റെ പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റുകളിലെ തൊഴിലാളികളുടെ ദിവസക്കൂലി 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി

വ്യക്തമാക്കി. ഖാദി ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഖാദി ഗ്രാമ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിലേയ്ക്കായി നിയോഗിച്ച കമ്മിറ്റി കേന്ദ്ര ഖാദി കമ്മീഷനുമായി ചർച്ചകൾ നടത്തി വരികയാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് സഹകരണ വകുപ്പുമന്ത്രി വ്യക്തമാക്കി.

24 (*182) <u>സ്മാർട്ട്സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്മാർട്ട്സിറ്റി പ്രോജക്ട് ഓഫീസ് കം സെയിൽസ് ബിൽഡിംഗിന്റെ നിർമ്മാണം 2011 ഒക്ടോബർ 8-ാം തീയതി ആരംഭിക്കുന്നതാണെന്നും ഏകദേശം ഒന്നര ലക്ഷം സ്ക്വയർ മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടമാണ് ആദ്യഘട്ടത്തിൽ പണി തീർക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പദ്ധതി പ്രാവർത്തികമാക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സ്മാർട്ട്സിറ്റിയുടെ ഉടമസ്ഥത, നടത്തിപ്പ്, വികസനം എന്നിവ സർക്കാരിനുകൂടി പങ്കാളിത്തമുള്ള സ്മാർട്ട്സിറ്റി (കൊച്ചി) ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സ്മാർട്ട്സിറ്റിക്കായി കാക്കനാട്, പുത്തൻകുരിശ് വില്ലേജുകളിൽപ്പെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയതിൽ 132 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്. 246 ഏക്കർ സ്ഥലം ഒറ്റ സെസ്സായി വിജ്ഞാപനം ചെയ്യണമെന്നുള്ള സ്മാർട്ട്സിറ്റിയുടെ

ആവശ്യം 19-09-2011 ൽ Ministry of Commerce-ന്റെ SEZ Board of Approval അംഗീകരിച്ചിട്ടുണ്ടെന്നും വിജ്ഞാപനം ഉടനെ പുറപ്പെടുവിക്കുന്ന താണെന്നും മന്ത്രി വ്യക്തമാക്കി. സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുന്നതു സംബന്ധിച്ച് എക്സൈസും തുറമുഖവും വകുപ്പുമന്ത്രിയുടെ ചുമതലയിൽ മോണിറ്റർ ചെയ്യുന്നുണ്ട്. സാമ്പത്തികമാന്ദ്യംമൂലമുണ്ടാകുന്ന പ്രതിസന്ധി നേരിടാൻ കഴിയുന്ന തരത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് സ്മാർട്ട് സിറ്റി രൂപകല്പന ചെയ്യുന്നതാണ്. കേന്ദ്രനിയമമായ സെസ്സിൽ ഉൾപ്പെടുന്ന ഭൂമിക്ക് വില്പനാവകാശം ഇല്ലെന്നും മുൻസർക്കാർ തയ്യാറാക്കിയ കരാറുമായാണ് മുന്നോട്ട് പോകുന്നതെന്നും ഏപ്രിലിൽ നടത്താനിരിക്കുന്ന Emerging Kerala 2012 എന്ന പരിപാടിക്കുമുമ്പ് നിക്ഷേപ സമാഹരണ സംസ്ഥാനമാക്കി കേരളത്തെ മാറ്റേണ്ടതുണ്ടെന്നും കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, കണ്ണൂർ എയർപോർട്ട്, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുടങ്ങിയ പദ്ധതികളെല്ലാം സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

**25 (*183) കേസുകളിൽ പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ**

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകളിൽ പിടിച്ചെടുക്കപ്പെട്ട 265 വാഹനങ്ങൾ വിവിധ ഫോറസ്റ്റ് ഡിവിഷനുകളിലായി സൂക്ഷിക്കുന്നുണ്ടെന്നും കോടതി വിധിയും സർക്കാർ ഉത്തരവുമനുസരിച്ച് കാലതാമസം കൂടാതെ ഇവ കണ്ടുകെട്ടി ലേലം

ചെയ്യുന്നതിനോ വിട്ടുനൽകുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. 2009-ലെ ഉത്തരവുപ്രകാരം ബാങ്ക് ഗ്യാരന്റി കൊടുത്താൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസ്സുകളിൽപ്പെട്ട വാഹനങ്ങൾ ഉൾപ്പെടെ വിട്ടുകൊടുക്കാവുന്നതും കോടതി നിർദ്ദേശമനുസരിച്ച് വാഹനം വിട്ടുകൊടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്. വനം വകുപ്പ് ചാർജ്ജ് ചെയ്യുന്ന കേസ്സുകളിൽ തീരുമാനമെടുക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കി നടപടി പൂർത്തിയാക്കുന്നതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പിടിച്ചെടുക്കുന്ന വാഹനങ്ങൾ അടിയന്തരമായി ഡിസ്പോസ് ചെയ്ത് പണം കെട്ടിവയ്ക്കാനുള്ള നിയമം പോലീസ് വകുപ്പ് കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്നും ഇക്കാര്യത്തിൽ കാലതാമസമുണ്ടാകുന്നില്ലെന്നും ഗവൺമെന്റ് ഉത്തരവുകൾ കൃത്യമായി പാലിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണെന്നും മന്ത്രി അറിയിച്ചു. കൃത്യമായ രേഖകളില്ലാതെ കടത്തിക്കൊണ്ടുപോകുന്ന തടികൾ പിടിച്ചെടുക്കാൻ വനം വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. വനത്തിൽ വീണുകിടക്കുന്ന മരങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടാക്കുന്നതിന് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നതാണെന്നും നീലക്കുറിഞ്ഞി സാംഗ്ച്വറിയിലെ കൃഷിഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നം പരിശോധിക്കാനായി ദേവികുളം സബ്കളക്ടർക്കും ഇടുക്കി കളക്ടർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും എൻ.ഒ.സി. ഇല്ലാത്ത തടിമില്ലുകൾക്ക് പ്രവർത്തനാനുമതി നൽകാൻ വനം വകുപ്പിന് കഴിയുകയില്ലായെന്നും എൻ.ഒ.സി.കൾക്കുള്ള അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**26 (*184) ജലവൈദ്യുതി നിലയങ്ങൾക്ക് ഐ.എസ്.ഒ. നിലവാരം**

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, മൂലമറ്റം, മൂഴിയാർ, ലോവർ പെരിയാർ എന്നീ ജലവൈദ്യുത നിലയങ്ങളെ ഐ.എസ്.ഒ-9001 നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെകൊണ്ട് ഒരു പ്രാരംഭ പഠനം നടത്തിയിട്ടുണ്ടെന്നും ഇത് പ്രാവർത്തികമാക്കാൻ ടെൻഡർ നടപടിക്രമം പാലിച്ചുകൊണ്ട് ഒരു കൺസൾട്ടൻസിയെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഐ.എസ്.ഒ. നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി ഈ മൂന്ന് ജലവൈദ്യുത നിലയങ്ങൾക്ക് യഥാക്രമം 6,60,000 രൂപ, 4,96,000 രൂപ, 5,85,000 രൂപ എന്ന തോതിൽ ചെലവ് വരുമെന്നാണ് പ്രൊഡക്ടിവിറ്റി കൗൺസിൽ അറിയിച്ചിട്ടുള്ളത്. ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലൂടെ വൈദ്യുതി നിലയങ്ങൾക്ക് മെച്ചപ്പെട്ട പ്രതിച്ഛായ, കുറഞ്ഞ നടത്തിപ്പ് ചെലവ്, മെച്ചപ്പെട്ട സുരക്ഷാ സംവിധാനം/വിതരണം, പരാതികളുടെ കുറവ്, അപകടങ്ങൾ തടയൽ, ജീവനക്കാരുടെ കാര്യക്ഷമത എന്നീ നേട്ടങ്ങൾ കൈവരിക്കാനാവുന്നതാണ്. സർക്കാർ ഇതര ദേശീയ സംഘടനയായ ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാന്റേർഡൈസേഷൻ എന്ന സ്ഥാപനത്തിന്റെ കീഴിലുള്ള ഗുണമേന്മാ നിർവ്വഹണ സംവിധാനമാണ് ഐ.എസ്.ഒ-9001. ഉപഭോക്താവിന്റെ ആവശ്യ ങ്ങളെ സ്ഥിരതയോടെ നിർവ്വഹിക്കാനുള്ള സ്ഥാപനത്തിന്റെ പ്രാപ്തിയാണ് ഈ സംവിധാനംകൊണ്ട് ഉദ്ദേശിക്കുന്നത്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നൽകുന്നതിന് ഗുണമേന്മാ നിർവ്വഹണ സംവിധാന പ്രമാണം/നടപടി ക്രമങ്ങൾ, പരിശോധനാ രേഖകൾ, രൂപരേഖകൾ, ഗുണമേന്മാ നയങ്ങളും

ലക്ഷ്യങ്ങളും പദ്ധതികളും, തൊഴിൽ സംബന്ധമായ നിർദ്ദേശങ്ങൾ, ഉൽപ്പന്ന ത്തിന്റെ സൂക്ഷ്മ വിവരണം തുടങ്ങിയ രേഖകളുടെ ലഭ്യത ഉറപ്പുവരുത്തേണ്ട താണ്. രേഖാസഹിതമുള്ള ഗുണമേന്മാ നിർവ്വഹണ സംവിധാനത്തിന്റെ ലഭ്യത ഉറപ്പാക്കൽ, ഐ.എസ്.ഒ.-9001-ലെ നിബന്ധനകൾ പാലിക്കൽ, ആന്തരിക പരിശോധന, തെറ്റുകളുടെ ആവർത്തനം തടയൽ, ഫോളോ അപ് ആഡിറ്റ്, നിർവ്വഹണ അവലോകന യോഗം നടത്തുക, ഈ സംവിധാനം കുറഞ്ഞത് മൂന്നുമാസമെങ്കിലും നടപ്പാക്കുക, നിർവ്വാഹകരുടെ പ്രതിബദ്ധത ഉണ്ടായിരിക്കുക തുടങ്ങിയവ ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള സ്ഥാപന ങ്ങൾ ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത നിലവാരം ഉറപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതോടൊപ്പം വൈദ്യുതി വിതരണ വിഭാഗത്തിൽകൂടി ഈ സൗകര്യം ഏർപ്പെടുത്താനുള്ള നിർദ്ദേശം സംബന്ധിച്ച് ആലോചിക്കാവുന്ന താണ്. ജലവൈദ്യുത നിലയങ്ങളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുമ്പ് അവയുടെ കാലപ്പഴക്കം സംബന്ധിച്ച് ഒരു വിദഗ്ദ്ധ പഠനം നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണെന്ന് ഒരു ഉപചോദ്യ ത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**27 (*185) വികാലാംഗർക്കായി ക്ഷേമപ്രവർത്തനങ്ങൾ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, സാമൂഹ്യക്ഷേമ വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ, വികലാംഗക്ഷേമ കമ്മീഷണറേറ്റ്, വികാലാംഗക്ഷേമ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്, സന്നദ്ധ സംഘട നകൾ എന്നിവ മുഖേന ഡിഫറന്റ്ലി ഏബിൾഡ് വിഭാഗത്തിൽപ്പെടുന്ന വർക്കായി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 06.12.2003-ലെ സർക്കാർ ഉത്തരവ് പ്രകാരം അർദ്ധ സർക്കാർ

സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, ഇൻഷ്വറൻസ് സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് അണ്ടർടേക്കിംഗുകൾ എന്നിവിടങ്ങളിൽ എല്ലാവിധ ആനുകൂല്യങ്ങൾക്കും ആധികാരിക രേഖയായി വികലാംഗരുടെ തിരിച്ചറിയൽ കാർഡ് സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 31.11.2010-ലെ ഉത്തരവുപ്രകാരം സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന ഡിസബിലിറ്റി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഈ വിഭാഗക്കാർക്കായി അനുവദിച്ചിട്ടുളള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പൊതു ആധികാരിക രേഖയായി സ്വീകരിക്കേണ്ടതാണെന്നും വികലാംഗത്വം തെളിയിക്കുന്നതിന് മറ്റു സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് ഒഴിവാക്കണമെന്നും ഉത്തരവായിട്ടുണ്ട്. പി.എച്ച്.സി., താലൂക്ക് ആശുപത്രി., സി.എച്ച്.സി., തുടങ്ങിയവ വഴി വികലാംഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി പി.ഡബ്ല്യു.ഡി. ആക്ട് ഭേദഗതി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. വ്യാജ കാർഡുകൾ ഉപയോഗിച്ച് ആനുകൂല്യങ്ങൾ നേടിയെടുക്കുന്നത് തടയാനായി സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി വിതരണം ചെയ്യുന്ന കാർഡിൽ ഹോളോഗ്രാം പതിക്കുന്നുണ്ട്. മോട്ടോർ ഘടിപ്പിച്ച വാഹനങ്ങൾ വാങ്ങുന്ന വികലാംഗർക്ക് സബ്സിഡി കൊടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സിൽ 50 ശതമാനത്തിൽ താഴെ വൈകല്യമുളളരുടെ പാസ് തിരസ്ക്കരിക്കുന്നതു സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിന് ഇന്നലെ ചേർന്ന മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1734 മുതൽ 1970 വരെയുള്ള ചോദ്യങ്ങളിൽ 149 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)